# "മാതൃഭാഷയുടെ വികാസം എന്റെ കാഴ്ചപ്പാടിൽ"

## "ഭരണഭാഷ മാതൃഭാഷ"

ഭാഷ എന്നത് ഒരു സൂക്ഷ്മമായ സംസ്കാരത്തിന്റെ അടയാളവും ഒരാൾ മറ്റൊരാളുമായി നിരന്തര സമ്പർക്കം പുലർത്തുവാനുള്ള ആശയവിനിമയ ഉപാധിയുമാണ്. വ്യക്തി ജീവിതത്തിലുടനീളം (ജനനം മുതൽ മരണം വരെ) പ്രാവീണ്യത്തോടെ കൈകാര്യം ചെയ്യുന്നതാണ് അയാളുടെ മാതൃഭാഷ. മാതൃഭാഷ അമ്മയ്ക്ക് സമമാണ്. അമ്മയ്ക്ക് നമ്മൾ നൽകുന്ന സ്നേഹം, വാത്സല്യം, ബഹുമാനം തുടങ്ങിയവയും പരിപോഷണവും മാതൃഭാഷയ്ക്കും ലഭ്യമാക്കേണ്ടതുണ്ട്. മഹിത്വത്തോടെയും എളിമയോടെയും അഭിമാനത്തോടെയും മാതൃഭാഷ പ്രയോഗിക്കണം.

വാൾട്ടർ മെൻഡിസിന്റെ അഭിസംബോധനയോടു 'ദൈവത്തിന്റെ സ്വന്തം നാടെന്നറിയപ്പെട്ട, പശ്ചിമഘട്ട

5/1/2025

മലനിരകളെ പുൽകി, തലയെടുപ്പോടുകൂടിയ കോട്ട കൊത്തളങ്ങളെയും, സഞ്ചാരികളുടെ പറുദീസകളെയും വഹിക്കുന്ന, വീരശൂര പരാക്രമികൾ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനായി ജീവൻ ത്യജിച്ച സസ്യശ്യാമള കോമള ധരണിയായ നമ്മുടെ കേരളത്തിന്റെ മാതൃഭാഷയെന്നറിയപ്പെടുന്നത് മലയാളമാണ്. മലയാളം എന്ന വാക്കുത്ഭവിച്ചത് മലയുടെ താഴ്വര-ങ്ങളിൽ വസിക്കുന്നവർ സംസാരിച്ച ഭാഷ എന്നതിൽ-നിന്നാണെന്ന് കരുതപ്പെടുന്നു. മലയാളത്തിന് സംഘകാലം മുതൽത്തന്നെയുള്ള ചരിത്രങ്ങളുണ്ട്.

ഏറ്റവും കൂടുതൽ അക്ഷരങ്ങളുള്ള ഇന്ത്യൻ ഭാഷയെന്നറിയപ്പെടുന്ന മലയാളത്തിന് 56 ഓളം അക്ഷരങ്ങളുണ്ട്. ഈ അക്ഷരങ്ങളാണ് ഭാഷയുടെ അടിസ്ഥാനഘടകങ്ങൾ. 'ന ക്ഷരതി ഇതി അക്ഷരാ:' (നശിക്കാത്തതാണ് അക്ഷരം) എന്നതാണ് അക്ഷരത്തിന്റെ നിർവ്വചനം. അക്ഷരപ്രയോഗ വികാസമാണ് മാതൃഭാഷയുടെയും വികാസമെന്ന് പറയാം.

ഭാഷയുടെ പ്രയോഗത്തിന് ലിപി പ്രധാനമാണ്. മലയാളത്തിന്റെ രേഖപ്പെടുത്തിയിട്ടുള്ളതിൽവച്ച് ഏറ്റവും പഴയ ലിപിയെന്നത് 'വട്ടെഴുത്ത്'ാണ്. മാതൃഭാഷയുടെ വികാസത്തിന് പല കാലങ്ങളിലും അത്താണിയായിരുന്നത് ശാസനങ്ങളും കൂടിയായിരുന്നു. അവ സംസ്കാരങ്ങളെമാ–റ്റത്തിന് വഴിവച്ചു. കൊല്ലത്തെ സ്ഥാണുരവിവർമ്മയുടെ തരിസാപ്പള്ളി ശാസനം ഉദാഹരണമാണ്. മലയാളത്തിന്റെ വളർച്ചയ്ക്ക് വളമിട്ട തുഞ്ചത്തെഴുത്തച്ഛൻ, 'മലയാള ഭാഷയുടെ പിതാവാ'യി അറിയപ്പെടുന്നു. മലയാള ഭാഷയുടെ നിരന്തര പരിഷ്കരണം സാഹിത്യത്തിലൂടെ എഴുത്തച്ഛൻ സാധിച്ചു.

മലയാളത്തിന്റെ വികാസത്തിന് ചുക്കാൻ പിടിച്ച മഹാരഥന്മാരാണ് സാഹിത്യകാരന്മാർ. അവർ തനത് ഭാഷ സാഹിത്യത്തിലൂടെ പ്രചരിപ്പിച്ചു. ~~പ്രാചീന~~ ആധുനിക കവിത്രയങ്ങളായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ, ~~അ~~ പ്രാചീന കവിത്രയങ്ങളായ എഴുത്തച്ഛൻ, ചെറുശ്ശേരി,

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

കുഞ്ചൻ നമ്പ്യാർ തുടങ്ങിയവർ അവരിൽ പ്രധാനികളാണ്. അപ്പുനെടുങ്ങാടിതൊട്ട് എം. ടി. വരെയുള്ളവരുടെ സാഹിത്യപ്രവർത്തനങ്ങളിലൂടെ മലയാളത്തിന്റെ മഹിത്വം, സത്യം നാലു ദിക്കിലും പടർന്നു. വ്യക്തികൾ തങ്ങളുടെ സ്വന്തം ഭാഷയിൽ എഴുതാനും പറയാനുമുള്ള ധൈര്യം കാണിക്കുന്നത്തന്നെ മാതൃഭാഷയുടെ വികാസ-ത്തിന്റെ സൂചനയാണ്. അവ ലോകോത്തരസാഹിത്യ-ങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുന്നു.

മാതൃഭാഷയെപ്പറ്റിയറിയാനും പഠിക്കാനുമുള്ള ജിജ്ഞാസ എല്ലാവരിലും ഉണ്ടായിരിക്കണം. ഇത് മാതൃഭാഷയുടെ വളർച്ചയ്ക്ക് വഴിയേകിക്കൊണ്ട് മാതൃഭാഷയോട് കൂറുള്ള ധൈര്യശാലികളായ യുവ തലമുറയെ വളർത്തിയെടുക്കുന്നു. അതിന് മാതൃഭാഷ-യിൽ പഠനം സാധ്യമാക്കണം. കൂടാതെ ഭാഷ പരിപോഷിപ്പിക്കാനായി അവബോധവും മത്സരങ്ങളും മാതൃഭാഷയിൽ സംഘടിപ്പിക്കാം. കലോത്സവം തന്നെ മാതൃഭാഷാ പരിപോഷണവേദിയാണ്. ഇങ്ങനെയൊക്കെ

ഒരു മാതൃഭാഷയുടെ തനിമയെയും, ലാളിത്യത്തെയും അത് അന്യം നിന്ന്പോകുന്നതിൽനിന്നുവരെയും സംരക്ഷിക്കാം. മാതൃഭാഷയുടെ ദീപ്തമായ മൂല്യങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ഒന്റെ നിറവിലുള്ള സാക്ഷരതാമിഷൻ, പച്ചമലയാള പ്രസ്ഥാനം, കേരള ഗ്രന്ഥശാലാ പ്രസ്ഥാനം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുതലായവ എക്കാലത്തും, നിലകൊണ്ടിട്ടുണ്ട്. ഇതിൽ മാധ്യമങ്ങളുടെ പങ്കും ചെറുതല്ല. മാതൃഭാഷയുടെ സാഹിത്യ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം പോലുള്ള അംഗീകാരങ്ങൾ നിലകൊണ്ടിട്ടുണ്ട്.

ഒരുകാലത്ത് പാശ്ചാത്യ ഭാഷകളിൽനിന്ന് മാത്രം പ്രതീക്ഷിച്ചിരുന്ന നോവലുകളും ചെറുകഥകളും യാത്രാവിവരണങ്ങളുമെല്ലാംതന്നെ മലയാളത്തിനു സ്വന്തമായി. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥം - 'വർത്തമാനപുസ്തകം' പാറേമാക്കൽ തോമാക്കത്തനാറിലൂടെയും, ചെറുകഥ - 'വാസനാവികൃതി'യും,

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 310

5/1/2025

ചരിത്രഗ്രന്ഥം – സി.വി. രാമൻപിള്ളയുടെ 'മാർത്താണ്ഡവർമ്മ'-യുമൊക്കെ രചിക്കപ്പെട്ടു. മലയാളത്തിൽ രചിക്കപ്പെട്ട ആദ്യത്തെ പുസ്തകമായി പറയപ്പെടുന്ന 'സംക്ഷേപവേദാർത്ഥം', വില്യം ലോഗന്റെ 'മലബാർ മാന്വൽ' തുടങ്ങിയവ മലയാളത്തിന്റെ മുഖച്ഛവി വരച്ചുകാട്ടുന്നു. ഹെർമൻ ഗുണ്ടർട്ടിന്റെ മലയാളം ഇംഗ്ലീഷ് ലെക്സിക്കണും മലയാളത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചു. മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി തുടങ്ങിയ പത്രങ്ങളും പോലെ, ഗ്രന്ഥാലോകം തുടങ്ങിയ മാസികകളും മലയാള വികാസത്തിന് ആധാരമേകി.

മാതൃഭാഷയുടെ വളർച്ചയ്ക്ക് പ്രധാനമായത് അംശമെന്നത് ആ മാതൃഭാഷ വ്യക്തിക്ക് സ്നേഹിക്കുന്നതാകണം എന്നതാണ്. ഒരു കാലത്ത് കേരളത്തിൽ മലയാളം മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾ താഴ്ത്തിക്കെട്ടപ്പെടുന്നവരായിരുന്നു. എന്നാൽ ഇന്ന് ആ അവസ്ഥ മാറിയത് പൊതുവിദ്യാഭ്യാസ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ഭാഷയുടെ പെരുമയായിക്കാണാം. ഇന്ന് യുവ-
തലമുറ മാതൃഭാഷയിൽ പഠിക്കാൻ താത്പര്യപ്പെടുന്നു.
അത് സാധിച്ചെടുത്തത് പലതരം ഭാഷാബോധ
പ്രവർത്തനങ്ങളിൽനിന്നും ക്രിയാത്മക പരിപാടിക-
ൾനിന്നൊക്കെയുമുള്ള അനുഭവങ്ങളെന്നുകൊണ്ടാണ്.
'മധുരം മലയാളം' പദ്ധതി ഒരുദാഹരണം മാത്രം.
സർക്കാർ ഫയലുകൾ മലയാളത്തിലാക്കാനും സർക്കാർ
തീരുമാനിച്ചിട്ടുണ്ട്. ഇതൊക്കെത്തന്നെ മാതൃഭാഷയായ
മലയാളത്തിന്റെ മഹിത്വമായ ചുവടുവെപ്പുകളാണ്.

പ്രൈമറി സ്കൂൾ കുട്ടികളുടെ ടെക്സ്റ്റ്ബുക്കു-
കളിൽ മലയാളം അക്ഷരമാല ഇല്ലെന്ന വസ്തുത
അടുത്തകാലത്ത് വാർത്തകളിൽ നിറഞ്ഞിരുന്നു.
ലോകത്തിന്റെ പല കോണുകളിൽനിന്നുള്ള മലയാളം
പറയുന്ന മലയാളികളും, മലയാളത്തെ സ്നേഹിക്കുന്ന
അഭിമാനികളും ഉൾക്കൊണ്ട സമൂഹമൊന്നാകെ
ഒറ്റക്കെട്ടായി ഈ വിവേചനത്തിനെതിരേ ശബ്ദമുയ-
ർത്തിയത്കൊണ്ട് ടെക്സ്റ്റ്ബുക്കുകളിൽ അക്ഷരമാല തിരിച്ചെത്തി.

മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം ഇളംതലമുറയായ കുട്ടികളിൽനിന്ന് തന്നെ ആരംഭിക്കണമെന്നിരിക്കെ ഈ മാറ്റം വലിയ കാൽവെയ്പ്പാണ്.

സംസ്ഥാന പുനഃക്രമീകരണം നടത്താൻ സർക്കാർ കെ. എം. പണിക്കർ, എച്ച്. എൻ. കുൻസ്രു, ഫസൽ അലി അടങ്ങിയ കമ്മിറ്റി തീരുമാനിച്ചത് ഭാഷയുടെ അടിസ്ഥാനത്തിലാണ്. ഇതിന് കാരണമായ-താകട്ടെ ആന്ധ്രയിലെ പോറ്റി ശ്രീരാമുലുവെന്ന മാതൃഭാഷാപ്രേമിയുടെ ജീവത്യാഗവും. ഇതിൽനിന്ന്തന്നെ മാതൃഭാഷയുടെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാം.

മാതൃഭാഷയായ മലയാളത്തെ അനുസ്മരിക്കാനും സ്നേഹം ഓർമ്മിപ്പിക്കാനുമായി നമ്മൾ മലയാളികൾ കേരളപ്പിറവി ദിനമായ നവംബർ 1 ന് അന്തരിച്ച ജ്ഞാനപീഠം ജേതാവായ ~~എം.ടി~~ 'കൂടല്ലൂരിന്റെ കഥാകാരനായ എം. ടി. വാസുദേവൻ നായരുടെ ഭാഷാപ്രതിജ്ഞ ഒത്തൊരുമയോടെ ചൊല്ലുന്നു.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 310

ബ്രിട്ടീഷ് ഭരണകാലത്ത് വില്യം ബെന്റിക്ക് പ്രഭു 'വുഡ്സ് ഡെസ്പാച്ച്' നിയമത്തിലൂടെയൊക്കെ ഇംഗ്ലീഷ് ഭാഷയോട് അധികാര്യം പുലർത്താൻ ഭാരതത്തിലെ ജനങ്ങളെ നിർബന്ധിച്ചു. എന്നാലും മാതൃഭാഷയെ സ്നേഹിക്കുന്ന ക്രാന്തദർശികൾ സ്വന്തം നിലയിൽ പല സ്ഥാപനങ്ങൾക്കും തുടക്കംകുറിച്ച് മാതൃഭാഷയെ വളർത്തി. സ്വാതന്ത്ര്യസമരകാലത്ത് മാതൃഭാഷ ഒരു വലിയ സമരായുധം തന്നെയായിരുന്നു. മാതൃഭാഷയിൽ ലളിതമായി രചനകൾ നടത്തി സ്വാതന്ത്ര്യസമര പ്രചോദനങ്ങൾ നൽകാൻ ഭാരതത്തിലെ ജനങ്ങൾ ശ്രമിച്ചു.

ഒരു രാജ്യം എങ്ങനെ ഭരിക്കപ്പെടണം എന്ന് തീരുമാനിക്കുന്ന ആധികാരിക ചട്ടക്കൂടാണ് ആ രാജ്യത്തിന്റെ ഭരണഘടന. ഏറ്റവും നീളം കൂടിയ ലിഖിത ഭരണഘടനയുള്ള ഭാരതത്തിന്റെ ഭാഷാ വികാസത്തിനുള്ള കാതലായി എട്ടാം പട്ടികയെ കാണാം. ഇവിടെ ഔദ്യോഗിക ഭാഷകളായി 22 ഭാഷകളെ അംഗീകരിച്ചു.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

അലഞ്ഞുതിരിയലിൽനിന്ന് കൂട്ടംകൂടി സമൂഹി-മായത് പോലെത്തന്നെ മനുഷ്യർ മണലെഴുത്തിൽനിന്ന് വിരൽത്തുമ്പിലെത്തുന്ന ഡിജിറ്റൽ യുഗത്തിലേക്ക് നമ്മൾ മാറി. എന്നാലും വിജ്ഞാനത്തിന്റെ പ്രധാന പ്രസരിപ്പായ വിക്കിപീഡിയ മാതൃകാപ്രതിഭകളുടെ നിരന്തരപരിശ്രമങ്ങളിലൂടെ മലയാളത്തിലും എത്തി-ത്തുടങ്ങിയിട്ട് 20 വർഷങ്ങളായിരിക്കുന്നു. ഈയിടെ ആറന്മുളപ്പെരുമകളെയും മലയാള സംഖ്യകളെയുമൊക്കെ [illegible] പെയ്തിറങ്ങിയ 'ഓളം' വാച്ചിനെപ്പറ്റി പത്രത്തിൽ വാർത്ത വന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ? ഇതൊക്കെ മാതൃഭാഷയോടുള്ള കൂറ് പ്രകടമാക്കുന്നു.

ചരിത്രപ്രാധാന്യമുള്ള ഭാഷകളെ അംഗീകരിക്കാനും പ്രത്യേക പ്രവർത്തനങ്ങളിലൂടെ അവയെ നിലനിർത്താ-നുമായി ഭാരതസർക്കാർ ശ്രേഷ്ഠഭാഷാപദവി നൽകിപ്പോരുന്നു. ഇത് മലയാളത്തിന് 2013ൽ ലഭിച്ചു. ഇത് മലയാളത്തിന് പൊൻതൂവലായി മാറി.

അടുത്തിടെ ഒരു വ്യക്തിയുടെ നിര്യാണത്തിലൂടെ ഒരു ഭാഷ തന്നെ ഇല്ലാതായ മീനാക്ഷിപുരം ഗ്രാമത്തെപ്പറ്റി കേട്ടുകാണുമല്ലോ ? ഇത് പോലെ നമ്മുടെ നമ്മുടെ കേരളത്തിനും സംഭവിക്കാതിരിക്കാനായി നാമോരോരുത്തരും നിസ്വാർത്ഥരായി ശ്രമിക്കേണ്ടത് ആവശ്യമാണ്.

യുനെസ്കോയുടെ സാഹിത്യനഗരമായി ഇന്ത്യയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട കോഴിക്കോട് നിരവധി സാഹിത്യപ്രവർത്തകരുടെ ~~അ~~ പ്രവർത്തനകേന്ദ്രമായിരുന്നു. മലയാളത്തിന്റെ വികാസത്തിന് കോഴിക്കോട് അനിഗണ്യമായ സ്ഥാനം വഹിച്ചിട്ടുണ്ട്. ഈ സാഹിത്യനഗരപദവി മലയാളത്തിനും കൂടിയുള്ള അംഗീകാരമായിത്തന്നെ കണക്കാക്കാം.

ബാംഗ്ലാദേശിൽ ബാംഗ്ലാ മാതൃഭാഷയാക്കിട്ടുള്ളവരുടെ പ്രതിഷേധത്തിനാൽ ഐക്യരാഷ്ട്രസഭ മാതൃഭാഷയെ അംഗീകരിക്കാൻ എല്ലാവർഷവും ഫെബ്രുവരി 21 ലോകത്താകെ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 643 Participant Code: 310

മാതൃഭാഷാ ദിനമായി കൊണ്ടാടുന്നു.

മാതൃഭാഷാ വികാസത്തിനുള്ള ക്രിയാത്മക പരിപാടികൾ :-

* മാതൃഭാഷയിൽ തന്നെയുള്ള വിദ്യാഭ്യാസം.
* മാതൃഭാഷാ അവബോധവത്കരണം.
* മാതൃഭാഷയിലുള്ള സാഹിത്യ പരിപോഷണം.
* മാതൃഭാഷാ ദിനം ആചരിക്കൽ.

'ഇന്നത്തെ കുട്ടികളാണ് നാളത്തെ സമൂഹം'- എന്നതിനാൽ ഇളം തലമുറയിലുള്ളവരിലൂടെത്തന്നെ മാതൃഭാഷാ സ്നേഹം വളർത്താൻ ശ്രമിക്കാം... അതിനായി കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യാം. അനേകത്തിൽ ഏകത്വമുള്ള ഭാരതത്തിൽ മാതൃഭാഷ പരിപോഷണം ശക്തമായി ഒത്തൊരുമയോടെ നയിക്കാനാകട്ടെ.